അതുല്യ ഐ.ടി. സമുച്ചയത്തിൽ ഐ.ടി.ക്കായി നീക്കിവച്ചിട്ടുള്ള സ്ഥലം

16 (4351) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. എം. എം. മോനായി :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫോപാർക്കിലെ പുതുതായി ആരംഭിച്ച അതുല്യ ഐ.ടി. സമുച്ചയത്തിൽ എത്ര ചതുരശ്ര അടി സ്ഥലം ഐ.ടി. ക്കായി നീക്കി വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര കമ്പനികൾ സ്ഥലം ബുക്ക് ചെയ്തിട്ടുണ്ട് ; ഇവിടെ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) പുതിയ കെട്ടിട സമുച്ചയം പൂർണ്ണസജ്ജമാകുമ്പോൾ എത്ര പേർക്ക് പുതുതായി ജോലി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഇൻഫോപാർക്കിലെ അതുല്യ സമുച്ചയത്തിൽ ഐ.ടി.ക്കും അനുബന്ധ സൗകര്യങ്ങൾക്കുമായി 5.5 ലക്ഷം ചതുരശ്ര അടി സ്ഥലമാണുള്ളത്.

(ബി) ഇതിനകം രണ്ട് കമ്പനികളാണ്-സ്ഥലം ബുക്ക് ചെയ്തിട്ടുള്ളത്. മറ്റ് 13 കമ്പനികൾ സ്ഥലത്തിനായി താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇവിടെ കമ്പനികൾക്കായി 3.6 ലക്ഷം ചതുരശ്ര അടി സോഫ്ട്വെയർ ഡെവലപ്മെന്റ് ബ്ളോക്ക്, ഏകദേശം 300-ൽ പരം കാറുകൾക്ക് പാർക്കിംഗ് സർവ്വീസ് യാർഡ്, കഫറ്റേരിയ, ട്രെയിനിംഗ് ബ്ളോക്ക് എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(സി) ഏകദേശം 4000-ത്തിൽ അധികം പേർക്ക് പുതുതായി ജോലി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഇൻഫോപാർക്കിന്റെ രണ്ടാ ഘട്ട വികസനം എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ കുന്നത്തുനാട് പുത്തൻകുരിശ് വില്ലേജിൽപ്പെട്ട 160 ഏക്കർ സ്ഥലത്താണ് നടത്തുന്നത്. ഇതിൽ 31 ഏക്കർ സ്ഥലത്തിന് സെസ്സ് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആഗോള അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിച്ച് ഒരു മാസ്റ്റർ പ്ലാനറിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സെസ്സ് ഏരിയായിൽ നിർമ്മിക്കുന്ന ആദ്യത്തെ ബി.പി.ഒ. കോംപ്ലക്സ് രൂപകൽപ്പന ചെയ്യുന്നതിനുള്ള Architect Selection Process പുരോഗമിച്ചു വരുന്നു. പദ്ധതി പ്രദേശത്തെ വൈദ്യുതിയുടെ ആവശ്യത്തിനായി ഒരു 220 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികളും ആദ്യഘട്ടത്തിലെ Land Development work -ന് വേണ്ടിയുള്ള നടപടികളും പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly